(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 492 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 198 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) 2014 വർഷം അവസാനിക്കുമ്പോൾ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

ഡെന്റൽ സർജന്മാരുടെ നിയമനം

54 (8114) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും നിലവിലുണ്ട് ;

(ബി) സംസ്ഥാനത്ത് ഡെന്റൽ സർജന്മാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ഡെന്റൽ സർജന്മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര ഡെന്റൽ സർജന്മാരെ നിയമിച്ചിട്ടുണ്ട് ; നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 78 താലൂക്ക് ആശുപത്രികളും 230 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ ഡെന്റൽ സർജന്മാരുടെ 105 തസ്തികകളാണ് നിലവിലുള്ളത്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) നിലവിലുള്ള ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ഇതുവരെ 35 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടുള്ളവരെയും പഠനാവശ്യത്തിന് ജോയിനിംഗ് എക്സ്റ്റൻഷൻ വാങ്ങിയിട്ടുള്ളവരെയും നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly